എന്റെ കർത്താവേ, എന്റെ ദൈവമേ (യോഹന്നാൻ 20:28)

# സെന്റ് മേരീസ് ഫൊറോന പള്ളി, പള്ളിപ്പുറം

## ചരിത്രപ്രസിദ്ധമായ പള്ളിപ്പുറം മാട്ടേൽ മാർതോമാ തീർത്ഥാടന കേന്ദ്രത്തിൽ

# വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ

## 2024 ജൂലൈ 2, 3 തീയതികളിൽ

സ്നേഹിതരേ,

എന്റെ കർത്താവും എന്റെ ദൈവവും എന്ന് ഏറ്റുപറഞ്ഞുകൊണ്ട് ഈശോമിശിഹായുടെ ഉത്ഥാനത്തിന് സാക്ഷ്യം വഹിച്ച മാർ തോമാശ്ലീഹാ സ്വകരങ്ങളാൽ കൊത്തിയെടുത്ത വിശുദ്ധ കുരിശിൽ നിന്നും അത്ഭുതകരമായി ഒഴുകിയ രക്തം പതിഞ്ഞ പുണ്യഭൂമിയായ പള്ളിപ്പുറം മാട്ടേൽ മാർത്തോമ്മാ തീർത്ഥാടന കേന്ദ്രത്തിൽ മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആഘോഷപൂർവ്വം നടത്തപ്പെടുന്നു.

ഈ തിരുനാളിൽ പങ്കെടുത്ത് വിശുദ്ധ കുരിശ് വണങ്ങി ജീവിതത്തിൽ ആരോഗ്യവും സംരക്ഷണവും പ്രാപിക്കാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

എന്ന്,

ഫാ. പീറ്റർ കണ്ണമ്പുഴ ( വികാരി )
ഫാ. ജോസഫ് മാക്കോതക്കാട്ട് ( അസി. പ്രീസ്റ്റ് )
ഫാ. അമൽ പെരിയപ്പാടൻ ( അസി. വികാരി )
ചെട്ടിയാറ ഫാമിലി ( പ്രസുദേന്തിമാർ )

പള്ളിപ്പുറം
16. 06. 2024



**ജൂൺ 23 ഞായർ : നൊവേന ആരംഭം**

2024 ജൂൺ 23 ഞായറാഴ്ച മുതൽ ജൂലൈ 1 തിങ്കൾ വരെ

രാവിലെ 6 ന് : കുർബാനയോടനുബന്ധിച്ച്
പള്ളിപ്പുറം സെന്റ് മേരീസ് ഫൊറോന പള്ളിയിൽ

**ജൂലൈ 2 ചൊവ്വാഴ്ച : കൊടിയേറ്റ് ദിനം**

വൈകിട്ട് 5 ന് : **കൊടിയേറ്റ്**
കാർമ്മികൻ : വെരി റവ. ഫാ. ഡോ. പീറ്റർ കണ്ണമ്പുഴ ( വികാരി )
തുടർന്ന് : വിശുദ്ധ കുർബാന, ലദീഞ്ഞ്, നൊവേന

**ജൂലൈ 3 ബുധനാഴ്ച : തിരുനാൾ ദിനം**

രാവിലെ 7 ന് : വിശുദ്ധ കുർബാന ( പള്ളിപ്പുറം പള്ളിയിൽ )
കാർമ്മികൻ : വെരി റവ. ഫാ. ഡോ. പീറ്റർ കണ്ണമ്പുഴ ( വികാരി )
10.30 ന് : **ആഘോഷമായ തിരുനാൾ കുർബാന**
മാട്ടേൽ തീർത്ഥാടന കേന്ദ്രത്തിൽ
കാർമ്മികൻ : റവ. ഫാ. തോമസ് വൈക്കത്തുപറമ്പിൽ
( ഡയറക്ടർ ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ & റിസർച്ച് സെൻറർ അങ്കമാലി )

വചന സന്ദേശം : റവ. ഫാ. ജോമോൻ ആലാംതുരുത്തിൽ
( ബിജ്നോർ ഭവൻ, മിഷൻ ഹൗസ് ഓഫ് ഡയോസിസ് ഓഫ് ബിജ്നോർ, ആലുവ )

**തിരുനാൾ പ്രദക്ഷിണം**
പാച്ചോർ നേർച്ച വെഞ്ചെരിപ്പ്
വള്ളവും വലയും വെഞ്ചെരിപ്പ്
ജലഘോഷയാത്രയോടുകൂടിയ കായൽപ്രദക്ഷിണം
( പള്ളിപ്പുറം പള്ളിയിലേക്ക് )
നേർച്ചക്കഞ്ഞി വിതരണം ( കുരിശുപുര പള്ളിയിൽ )

വൈകിട്ട് 5 ന് : വിശുദ്ധ കുർബാന ( പള്ളിപ്പുറം പള്ളിയിൽ )
കാർമ്മികൻ : റവ. ഫാ. അമൽ പെരിയപ്പാടൻ ( അസി. വികാരി )

Very Rev. Fr. Vicar, St.Mary's Forane Church
Pallippuram - 688 541, Cherthala
E.mail: pallippurathamma@gmail.com, Website: pallippurathamma.net







## മാട്ടേൽ മാർ തോമാ തീർത്ഥാടന കേന്ദ്രം

വൈക്കത്തിന്റെയും പള്ളിപ്പുറത്തിന്റെയും ഇടയിൽ ദേശീയ ജലപാതയിൽ വേമ്പനാട് കായലിലുള്ള ചെറിയ തുരുത്താണ് മാട്ടേൽ. പ്രകൃതി സൗന്ദര്യത്തിന്റെ വശ്യതയാർന്ന ഈ സ്ഥലത്തുനിന്നുമാണ് തോമാശ്ലീഹാ സ്വകരങ്ങളാൽ നിർമ്മിച്ച വിശുദ്ധ കുരിശ് അത്ഭുതകരമായി കണ്ടെത്തിയത്. പുല്ല് ചെത്താൻ വന്ന സ്ത്രീകളുടെ അരിവാൾ കൊണ്ട് സാന്ദർഭിക വശാൽ കുരിശിന്റെ ഒരു ഭാഗം അരിഞ്ഞു പോവുകയും അതിൽ നിന്ന് രക്തം ഒഴുകുകയും ചെയ്തതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. രക്തം ചിന്തിയ വിശുദ്ധ കുരിശിന്റെ ചരിത്രം ആദിമ സഭാചരിത്രത്തിൽതന്നെ പ്രഥമ സ്ഥാനത്താണ് ഉള്ളത്. വിശുദ്ധ കുരിശ് കണ്ടെത്തിയ സ്ഥലത്താണ് ഇപ്പോൾ മാട്ടേൽ തീർത്ഥാടന കേന്ദ്രം സ്ഥിതി ചെയ്യുന്നത്. കേരള സഭയുടെ തന്നെ വിശ്വാസപ്രഭവ കേന്ദ്രം എന്ന് ഇതിനെ വിശേഷിപ്പിക്കാം.

## മാർ തോമാശ്ലീഹാ സ്ഥാപിച്ച വി.കുരിശ്

AD 52 മുതൽ മൈലാപൂരിൽ വച്ച് രക്തസാക്ഷിത്വം വരിക്കുന്നതുവരെ തെക്കേ ഇന്ത്യയിൽ 20 വർഷം ക്രിസ്തു ശിഷ്യനായ മാർ തോമാശ്ലീഹാ സുവിശേഷ പ്രഘോഷണം നടത്തി അദ്ദേഹം സ്ഥാപിച്ച 7 പള്ളികളിൽ ഒന്നാണ് കോക്കമംഗലം പള്ളി. ഈ പ്രദേശത്തെ സുവിശേഷ പ്രഘോഷണ വേളയിൽ അദ്ദേഹം തന്നെ നിർമിച്ചതെന്ന് വിശ്വസിക്കപ്പെടുന്നതും ഇപ്പോൾ പള്ളിപ്പുറം പള്ളിയിൽ സൂക്ഷിച്ചിരിക്കുന്നതുമായ അത്ഭുത കുരിശ് ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ചരിത്രപരമായ തിരുശേഷിപ്പാണ്. കേരളത്തിലെ എല്ലാ പൗരാണിക ദൈവാലയങ്ങളിലും കാണപ്പെടുന്നത് ഈ കുരിശാണ്.

## കുരിശുപുര പള്ളി ( AD 53)

മാട്ടേൽ തുരുത്തിൽ കണ്ടെത്തിയ കുരിശിൽ നിന്ന് രക്തം വരുന്നതു കണ്ട് ഭയവിഹ്വലരായ സ്ത്രീകൾ അക്കാര്യം പള്ളിപ്പുറം കരയിലുള്ള വിശ്വാസികളെ അറിയിക്കുകയും അവർ ആഘോഷപൂർവ്വം വി. കുരിശ് പള്ളിപ്പുറത്ത് കൊണ്ടുവരികയും കായൽത്തീരത്ത് ഒരു പള്ളി പണിത് അവിടെ സ്ഥാപിക്കുകയും ചെയ്തു. ഇതാണ് കുരിശുപുര പള്ളി എന്നറിയപ്പെടുന്നത്. AD 53 ലാണ് ഇത് സ്ഥാപിതമായത്. ചേർത്തല, വൈക്കം താലൂക്കുകളിലെ എല്ലാ ക്രൈസ്തവ ദൈവാലയങ്ങളുടേയും മാതൃദൈവാലയമായ പള്ളിപ്പുറം പള്ളിയുടെ ആരംഭം കുരിശുപുര പള്ളിയിൽ നിന്നാണ്.

**ജൂലൈ 2, 3 തീയതികളിൽ മാട്ടേൽ മാർത്തോമാ തീർത്ഥാടന പള്ളിയിലേക്ക് ചങ്ങാട സർവ്വീസ് ഉണ്ടായിരിക്കുന്നതാണ്.**

**3-ാം തീയതി വള്ളം, വല എന്നിവ തിരുനാൾ കുർബാനയ്ക്കുശേഷം വെഞ്ചെരിക്കാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്.**

**NB: വി. കുരിശ് വണങ്ങാൻ പള്ളിപ്പുറം ഫൊറോന പള്ളിയിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.**

ASOK 9895166875